# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2467** | **17/8/2017** -ലെ മറുപടി

## ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.പി.സജീന്ദ്രൻ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഗ്രാമ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി യിൽ, നിലവിൽ എത്ര പദ്ധതികളുടെ പ്രവർത്തനമാണ് നടക്കുന്നത് എന്നറി യിക്കാമോ; | (എ) | 2016-17 സാമ്പത്തികവർഷത്തെ കണക്ക പ്രകാരം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട 188 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. |
| (ബി) കേന്ദ്ര വിഹിതം കുറഞ്ഞതിനാൽ കഴിഞ്ഞ സാമ്പത്തികവർഷം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാതിരുന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര വിഹിതം കുറഞ്ഞതിനാൽ, കഴിഞ്ഞ സാമ്പത്തികവർഷം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല |
| (സി) നിലവിൽ ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; സ്തംഭനാവസ്ഥയിലായ പദ്ധതികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്ന തിന് അടിയന്തര നടപടി സ്വീകരി ക്കുമോ? | (സി) | നിലവിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതികളിൽ ഇതുവരെയും പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്ത 54 പദ്ധതികളുടെ നിർവ്വഹണം കേന്ദ്രസഹായ ത്തിലുണ്ടായ കുറവു കാരണം താൽക്കാലി കമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ ആവശ്യകത കണക്കിലെടുത്ത് ഇവയിൽ 8 പദ്ധതികൾ സംസ്ഥാന സർക്കാർ, നബാർഡ് എന്നിവ യുടെ ധനസഹായത്തോടെ നടപ്പാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള പദ്ധതിക ളുടെ ആവശ്യകത പരിഗണിച്ച് പുതിയ ധനസ്രോതസ്സുകൾ കണ്ടെത്താൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/